LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി

82 [804] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ കേസുകളിലായി പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ളത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര വാഹനങ്ങളുടെ കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്;

(സി) ഉടമസ്ഥർക്ക് തിരികെ നൽകിയത് എത്ര എന്നും ഗവൺമെന്റ് ലേലം ചെയ്തത് എത്രയെന്നും അറിയിക്കാമോ;

(ഡി) ഇത്തരം വാഹനങ്ങളുടെ കേസ്സുകൾ തീർപ്പാക്കാതെ ഇവ കിടന്ന് നശിച്ചു പോകുന്നതിനുപകരം ഇവയുടെ കേസ്സുകൾ വേഗം തീർപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15588 വാഹനങ്ങൾ.

(ബി) 12895 വാഹനങ്ങളുടെ കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഉടമസ്ഥർക്ക് തിരികെ നൽകിയത്—13152

ഗവൺമെന്റ് ലേലം ചെയ്തത്—39

(ഡി) ഇത്തരം കേസ്സുകൾ കാലതാമസം വരാതെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ബോംബ് ശേഖരം പിടികൂടിയ കേസ്

83 [805] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ നാറാത്ത് പഞ്ചായത്തിൽ ആൾപാർപ്പില്ലാത്ത വീട്ടിൽ നിന്നും ബോംബ് ശേഖരം പിടികൂടിയതുമായി ബന്ധപ്പെട്ട കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കാമോ?

ഉത്തരം

ഇതു സംബന്ധിച്ച് വളപട്ടണം പി. എസ്. ക്രൈം നമ്പർ 468/2005 ആയി രജിസ്റ്റർ ചെയ്ത കേസ് 5-1-2006-ൽ സി. ബി. സി. ഐ. ഡി.-ക്ക് കൈമാറിയിട്ടുള്ളതും ക്രൈം ബ്രാഞ്ച് 7/സി.ആർ/05 നമ്പറായി റീ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാകുന്നു. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും പ്രതികളെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.